പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234 — 19/03/2015 ൽ മറുപടിക്ക്

ജനകീയ ഇൻഷ്വറൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ.പി.തിലോത്തമൻ<br>,, വി.എസ്.സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ശശി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കരൾ രോഗം, കാൻസർ തുടങ്ങിയ മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് തുടർ ചികിത്സ സൗജന്യമാക്കുന്നതിന് ജനകീയ ഇൻഷ്വറൻസ് നടപ്പാക്കണമെന്ന് മനുഷ്യവകാശ കമ്മീഷന്റെ നിർദ്ദേശമുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 20/10/2014 ലെ എച്ച്.ആർ.എം.പി. നം. 9422/2014 തീർപ്പ് 01/12/2014 ൽ ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത തീർപ്പിനൊപ്പം ഉള്ളടക്കം ചെയ്തതായിപ്പറയുന്ന പരാതിയുടെ പകർപ്പ് ലഭ്യമായിട്ടുണ്ടായിരുന്നില്ല. ആയതിനാൽ പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുവാൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയിലൂടെ എല്ലാ മെഡിക്കൽ കോളേജുകൾ, RCC, MCC, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ 77 ഓളം കാൻസർ ചികിത്സാ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്. RSBY, കാരുണ്യ തുടങ്ങിയ പദ്ധതികൾപ്രകാരം ചികിത്സാ സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

ക്യാൻസർ രോഗം കേരളത്തിലെ ആരോഗ്യ രംഗത്ത് വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിവർഷം 50,000 പുതിയ ക്യാൻസർ രോഗികൾ റിപ്പോർട്ട് ചെയ്യുന്നു എന്ന് തിരുവനന്തപുരം ആർ.സി.സി.യിലെ കണക്കുകൾ വ്യക്തമാക്കുന്നു. ഉയർന്ന ചികിത്സാചെലവ്, സർക്കാർ മേഖലയിലെ ചികിത്സാ കേന്ദ്രങ്ങളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങൾ സാധാരണക്കാർക്ക് ക്യാൻസർ ചികിത്സ താങ്ങാൻ പ്രയാസവും തൻമൂലം മരണനിരക്ക് വർദ്ധിക്കുന്നതിനും കാരണമാകുന്നു.

ക്യാൻസർ രോഗ ചികിത്സയ്ക്ക് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ജനങ്ങൾക്കും സർക്കാർ മേഖലയിലുള്ള 8 പ്രധാന ആശുപത്രികളിൽ (ആർ.സി.സി. തിരുവനന്തപുരം, എം.സി.സി. കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി) സൗജന്യ ചികിത്സ ഉറപ്പാക്കുന്ന സുകൃതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. RSBY, CHIS PLUS പദ്ധതി വഴി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 70,000/- രൂപ വരെയുള്ള സഹായം ലഭിക്കുന്നുണ്ട്. കാരുണ്യ ബനവലൻസ് ഫണ്ട് വഴി കുറഞ്ഞ വരുമാനക്കാർക്ക് 2 ലക്ഷം രൂപവരെയുള്ള ധനസഹായം ലഭിക്കുന്നുണ്ട്.

കരൾ രോഗികൾക്ക് പ്രത്യേക സൗജന്യ ചികിത്സാ പദ്ധതികൾ ഒന്നുംതന്നെ നിലവിൽ ഇല്ല. എന്നാൽ ആർ.എസ്.ബി.വൈ. വഴി 30,000/- രൂപ വരെ ഇത്തരം രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് റ്റു ദി പുവർ വഴി ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ പരമാവധി 20,000/- രൂപ വരെ കരൾ മാറ്റൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് ചികിത്സാ ധനസഹായമായി നൽകുന്നുണ്ട്. എസ്.എം.എ.പി.യുടെ മാർഗ്ഗനിർദ്ദേശത്തിന്റെ സംക്ഷിപ്ത കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് 2 ലക്ഷം രൂപവരെ കാരുണ്യബനവലന്റ് ഫണ്ട് മുഖേനയും ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്.

## സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് ടു ദി പൂവർ (എസ്.എം.എ.പി)

മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണു സൊസൈറ്റിയുടെ ലക്ഷ്യം.

വാർഷിക വരുമാനം 3,00,000/- രൂപ വരെയുള്ള രോഗികളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതു.

ഏതെല്ലാം ആശുപത്രികളിലെ ഏതെല്ലാം രോഗചികിൽസകൾക്ക് ഏതേതെല്ലാം നിരക്കിൽ ധനസഹായം നൽകുന്നു എന്നതു ചുവടെ വിവരിക്കുന്നു.

| ക്രമ നമ്പർ | രോഗത്തിന്റെ പേരു | പരമാവധി തുക | ആശുപത്രിയുടെ പേരു് |
|---|---|---|---|
| 1 | മസ്തിഷ്ക്ക ശസ്ത്രക്രീയ | 20,000 | 1. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം<br>2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>3. ഗവ.മെഡിക്കൽ കോളജ് ആശുപത്രി തിരുവനന്തപുരം<br>4. ഗവ.മെഡിക്കൽ കോളജ് ആശുപത്രി ആലപ്പുഴ<br>5. ഗവ. മെഡിക്കൽ കോളജ് ആശുപത്രി തൃശ്ശൂർ<br>6. ഗവ.മെഡിക്കൽ കോളജ് ആശുപത്രി കോട്ടയം<br>7. ഗവ.മെഡിക്കൽ കോളജ് ആശുപത്രി കോഴിക്കോട്<br>8. സഹകരണ മെഡിക്കൽ കോളജ് ആശുപത്രി കൊച്ചി<br>9. ഇ.എം.എസ്. മെമ്മോറിയൽ സഹകരണാശുപത്രി പാണമ്പി പെരിന്തൽമണ്ണ, മലപ്പുറം<br>10. സഹകരണ ഹൃദയാലയ മെഡിക്കൽ കോളജ് ആശുപത്രി പരിയാരം, കണ്ണൂർ<br>11. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി തിരുവനന്തപുരം<br>12. മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, കണ്ണൂർ<br>13. ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത് കോഴിക്കോട്<br>14. ജനറൽ ആശുപത്രി എറണാകുളം<br>15. ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ചൈൽഡ്ഹെൽത്ത് കോട്ടയം |
| 2 | ഹൃദയംതുറന്നുള്ള ശസ്ത്രക്രിയ | 20,000 | |
| 3 | വൃക്ക മാറ്റിവെക്കൽ | 20,000 | |
| 4 | കരൾ മാറ്റിവെക്കൽ | 20,000 | |
| 5 | പേസ് മേക്കർ സ്ഥാപിക്കൽ | 10,000 | |
| 6 | ആഞ്ജിയോ പ്ലാസ്റ്റി | 10,000 | |
| 7 | ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി ,റേഡിയേഷൻ) | 20,000 | |
| 8 | ഡയാലിസിസ് | 10,000 | |
| 9 | ട്യൂമർ | 10,000 | |
| 10 | അസ്ഥിസംബന്ധമായ ശസ്ത്രക്രീയകൾ റിസക്ഷനുംപ്രൊസ്തസിസും, ലംബാർ തൊറാസിക്ക് വെർട്ടിബ്രൽ ഗ്രന്ഥികളിലെ ട്യൂമർ, കാൽ മുട്ട് മാറ്റിവെക്കൽ | 10,000 | |

ചികിൽസിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിനു സമീപം,

തിരുവനന്തപുരം -35 എന്ന മേൽവിലാസത്തിലാണു് അപേക്ഷ അയയ്ക്കേണ്ടതു്. രോഗിക്ക് ചികിൽസ ലഭിക്കുന്ന ആശുപത്രിയിൽ നിന്നും ചികിൽസാ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചികിൽസാ ധനസഹായം അനുവദിക്കുന്നതും കത്തുമുഖാന്തിരം രോഗിയെ വിവരം അറിയിക്കുന്നതും രോഗിയിൽ നിന്നും രസീതു് വാങ്ങി ചികിൽസാ ധനസഹായത്തുകയുടെ ചെക്ക് രോഗിയ്ക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്നതുമാണു്. RSBY യുടെ CHIS PLUS എന്ന ചികിൽസാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിൽസാ ധനസഹായത്തിനും ഒരേ രോഗിയ്ക്ക് അർഹതയുണ്ടായിരിക്കില്ലെന്നു G.O (Rt) No. 757/2012/ H&FWD Dated 8/3/2012 പ്രകാരം സർക്കാർ ഉത്തരവുണ്ടായിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾ അറിയാനായി 0471-2519257 എന്ന ഫോൺ നമ്പരിൽ വിളിക്കാവുന്നതാണ്.

For More Details and Application Form, click on link SMAP in the Official website of DHS - www.dhs.kerala.gov.in.